**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103** **12-09-2023 - ൽ മറുപടിയ്ക്ക്**

**കുവളശ്ശേരി സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് തയ്യാറാക്കുന്നത്.<br><br>മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിൻ പ്രകാരം കുവളശ്ശേരി സ്റ്റേഡിയം നിർമ്മിക്കുന്നതിനായിട്ടുള്ള വിശദമായ മാസ്റ്റർ പ്ലാനും 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ആയതിലേയ്ക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും അൻപത് ലക്ഷം രൂപ കൂടി ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് തയ്യാറാക്കുന്നത്.<br><br>മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിൻ പ്രകാരം കുവളശ്ശേരി സ്റ്റേഡിയം നിർമ്മിക്കുന്നതിനായിട്ടുള്ള വിശദമായ മാസ്റ്റർ പ്ലാനും 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ